# ദേശസംസ്കൃതിയുടെ പ്രതിഫലനം ഇന്ത്യൻ നോവലിൽ

# Depiction Of Nationalistic Culture In the Indian Novels

**Dr.Dominic J. Kattoor**

**Associate Professor, Department Of Malayalam**

**Sree Neelakanta Government Sanskrit College, Pattambi**

**Palakkad (Dist), Kerala, India.**

**ആമുഖം**

മാനവസമൂഹത്തെ ഒരു സമഗ്രതയായി ദർശിച്ചുകൊ ുള്ള സാംസ്കാരിക പഠനങ്ങളും വ്യക്തി എന്ന നിലയിലും ചെറുസമൂഹങ്ങളെന്ന നിലയിലും അവർ ആർജ്ജിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന സംസ്കാരങ്ങളുടെ വിനിമയങ്ങളും ഇന്ന് സാംസ്കാരികപഠനഭാഗത്ത് സജീവമാണ്. ഓരോ വ്യക്തിയും മറ്റുള്ളവരിൽ നിന്ന് പല ഘടകങ്ങളിലും വിഭിന്നരാകുന്നതുപോലെ തന്നെ വ്യക്തികളുടെ സംഘാതങ്ങളായ സമൂഹങ്ങളും ഇതര സമൂഹങ്ങളിൽ നിന്നും ഭിന്നരാകുന്നു ്. ഒരു പ്രത്യേക ദേശത്ത് കുറെ വ്യക്തികൾ മാത്രം അധിവസിക്കുന്ന ചെറിയ ചുറ്റുപാടിൽ അവരവരുടേതുമാത്രമായ സാംസ്കാരിക ഭൂമിക നിർമ്മിക്കപ്പെടാറു ്. ആ സമൂഹം രൂപം കൊടുത്തതും പ്രചരിപ്പിച്ചതും പ്രചലിതമാക്കുന്നതുമായ പ്രാദേശികമായ ഒരു സാംസ്കാരികമണ്ഡലം രൂപപ്പെടുന്നതങ്ങനെയാണ്. അങ്ങനെ ആ ദേശത്തിന്റേതുമാത്രമായ ആചാരങ്ങളും വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ജീവിതസമ്പ്രദായങ്ങളും രൂപപ്പെടുകയും അവ അവരുടെ സവിശേഷമായ ക്രിയകളിലൂടെ പ്രകടമാവുകയും ചെയ്യും. പ്രാദേശികമായ ഒരു സമൂഹത്തിന്റെ സംസ്കൃതി, കല, സാഹിത്യം തുടങ്ങിയ ആവിഷ്കരണോപാധികളിലൂടെ ശക്തമായി വെളിപ്പെടുന്നു.

**പ്രാദേശിക നോവലുകൾ**

പ്രാദേശികമണ്ഡലത്തിൽ വിനിമയം ചെയ്യപ്പെടുന്ന സാംസ്കാരിക ചിഹ്നങ്ങളെ ആഴത്തിൽ പ്രതിഫലിപ്പിക്കാൻ ഇന്ത്യൻ നോവലുകൾക്ക് കഴിഞ്ഞിട്ടു ്. വ്യത്യസ്തമായ സംസ്കൃതികൾകൊ ് ബഹുസ്വരമായ ലോകങ്ങളെയാണ് ഭാരതത്തിലെ ഓരോ ദേശവും ഉൾവഹിക്കുന്നത്. അവയെ പ്രതിഫലിപ്പിക്കാൻ വിശാലമായ ക്യാൻവാസുകളിൽ വിരചിതമാവുന്ന നോവലുകൾക്ക് എളുപ്പം കഴിയാറു ്. പക്ഷേ ഓരോ നോവലും ഓരോ സംസ്കാരങ്ങളെ ഉൾക്കൊള്ളുകയും വിനിമയം സാധ്യമാക്കുകയും അതാതു ദേശത്തിന്റെ സാംസ്കാരിക സ്വത്വത്തെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. കൃത്യമായി പറഞ്ഞാൽ ഒരു പ്രത്യേക വിഭാഗത്തിന്റെ വൈചിത്ര്യങ്ങൾ ചിത്രപ്പെടുത്തുന്ന നോവലാണ് പ്രാദേശികനോവൽ. പ്രാദേശികമായതോ ഏതെങ്കിലും ദേശത്തിന്റെ ആന്തരികഭൂമികയെ ഉൾക്കൊള്ളുന്നതോ ആയ നോവലുകൾ കഥയെക്കാളും കഥാപാത്രങ്ങളെക്കാളും പരിസ്ഥിതിക്ക് ഊന്നൽ കൊടുക്കുന്നതു കാണാം. പലപ്പോഴും പ്രാദേശിക ഭാഷാഭേദങ്ങൾ അതേപടി അവതരിപ്പിക്കുന്നതും കാണാം. ''സാധാരണക്കാരനെയും അയാളുടെ ജീവിതത്തെയും മുമ്പോട്ടുകൊ ുവരുന്നതോടുകൂടി ഈ നോവലുകളിലെ ഊന്നൽ ആ പരിസ്ഥിതിയിലേക്കും കാലപരിധിയിലേക്കും സംസ്കാരത്തിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നു'' എന്ന് ഡോ.കെ.എം.

ജോർഇജ്ജ് നിരീക്ഷിക്കുന്നു ് (ഭാരതീയ സാഹിത്യചരിത്രം, പുറം 759). ഈ രീതിയിൽ പ്രാദേശികവും ദേശീയവും മാനവികവുമായ തലങ്ങളിലേക്കുയരുന്ന നാല് ഇന്ത്യൻ നോവലുകളെക്കുറിച്ചാണ് ഈ പ്രബന്ധം ചർച്ചചെയ്യുന്നത്.

**മറളിമണ്ണിഗെ (കന്നഡ - 1942)**

മണ്ണുമായി വ്യക്തികൾ രൂപപ്പെടുത്തുന്ന ബന്ധം ഒട്ടേറെ ജീവിതസാഹചര്യങ്ങളുടെ ഭൂമികയിൽ നിലയുറപ്പിച്ച് അപഗ്രഥിക്കുന്ന നോവലാണ് ശിവരാമ കാരന്തിന്റെ മറളി മണ്ണിഗെ. ഏതൊക്കെ ജീവിതസാഹചര്യങ്ങളിലൂടെ കടന്നുപോയാലും അവസാനം മണ്ണിന്റെ സമൃദ്ധിയിലേക്കും ഫലഭൂയിഷ്ഠതയിലേക്കും കടന്നുപോകേ ിവരുമെന്നും അപ്പോൾ മണ്ണ് സമൃദ്ധമായി പകരം നൽകുമെന്നും ഈ നോവൽ പ്രഖ്യാപിക്കുന്നു. ജീവിതമെന്നത് സങ്കീർണ്ണതകൾ നിറഞ്ഞതാണ്. പ്രശ്നങ്ങളിൽനിന്ന് മനുഷ്യൻ വിമുക്തനാകുന്നില്ല. ഒന്നിനു പുറകെ ഒന്നായി അത് വന്നുകൊ ിരിക്കും. ഇവിടെയാണ് മണ്ണും പ്രകൃതിയും അവനു തുണയായെത്തുക. രാമൻ ഐത്താളർ, മകൻ ലക്ഷ്മിനാരായണൻ, അയാളുടെ മകൻ രാമൻ എന്നിങ്ങനെ മൂന്നുപേരുടെ ജീവിതത്തിലൂടെ സഞ്ചരിച്ച് മൂന്നു തലമുറയുടെ ജീവിതത്തെ അനാവരണം ചെയ്ത് ഗ്രാമജീവിതത്തിന്റെ ഹരിതാത്മകമായ ഒരു ജീവിതം വരച്ചിടുന്ന കാരന്ത്.

കാർഷികവൃത്തി പുലർന്നുവന്ന ഒരു നാടായിരുന്നു കോടി. പ്രഭാതം മുതൽ പ്രദോഷം വരെ ആൺപെൺ ഭേദമില്ലാതെ എല്ലാവരും കൃഷിപ്പണിക്ക് ഇറങ്ങിയിരുന്ന നാട്. ഈ നോവലിലെ പ്രധാന കഥാപാത്രമായ ഐത്താളർ കൃഷിയാണ് പ്രധാനമായി സ്വീകരിച്ചത്. 20-ാം ശതകത്തിലെ ഒരു ഉൾനാടൻ ഇന്ത്യൻ ഗ്രാമത്തിന്റെ സ്വഭാവം പൂർണ്ണമായും വ്യക്തമാക്കുന്നു ് കോടി. രാമൻ ഐത്താളർ, അദ്ദേഹത്തിന്റെ സഹോദരി സരസ്വതി, ഭാര്യ പാറോതി എന്നിവർ മാത്രമാണ് ആ കുടുംബത്തിലുള്ളത്. എന്നാൽ ഒരു കുട്ടി ഉ ാകാനുള്ള ആഗ്രഹം കൊ ് ഐത്താളർ വീ ും വിവാഹം കഴിക്കുന്നു. ര ാംഭാര്യ സത്യഭാമയിൽ ലക്ഷ്മീനാരായണൻ ജനിക്കുന്നു. എന്നാൽ അവൻ മുതിർന്നപ്പോൾ ആ ജീവിതം പരാജയത്തിലേക്ക് കൂപ്പുകുത്തുന്നു. ലക്ഷ്മീനാരായണന് കുട്ടി ജനിക്കുമ്പോൾ അവനെ കാണാൻ വരാൻപോലും കഴിയാതെ അയാൾ വിദൂരദേശങ്ങളിൽ അലയുന്നു. എന്നാൽ അയാളുടെ മകനാകട്ടെ (രാമൻ എന്നു പേര് - മുത്തച്ഛന്റേതുതന്നെ) കോടിയിലെ മണ്ണിനോട് സമരസപ്പെടാൻ തീരുമാനിക്കുന്നു. വിദ്യാഭ്യാസവും ഒട്ടേറെ കഴിവുകളും നേടിയെങ്കിലും മണ്ണിലാണ്, പ്രകൃതിയിലാണ് തന്റെ സ്വത്വം നിലനിൽക്കുന്നതെന്ന് അവൻ തിരിച്ചറിയുന്നു.

പ്രകൃതിയോടും മണ്ണിനോടും കൂറുപുലർത്തി, നാടിനെ അറിഞ്ഞുള്ള ജീവിതം - അതാണ് മഹത്തരം എന്നാണ് കാരന്തിന്റെ മുദ്രാവാക്യം. നാടിന്റെ സംസ്കാരത്തെ ഉജ്ജ്വലരായ കഥാപാത്രങ്ങളിലൂടെ വെറിച്ചത്തുകൊ ുവരിക - അതാണു കാരന്തിന്റെ സാമൂഹ്യപ്രതിബദ്ധത. ഒരേസമയം ഒട്ടേറെ മാനങ്ങൾ ഉൾക്കൊള്ളുന്ന 'മറളി മണ്ണിഗൈ'യെപ്പറ്റി അവതാരികയിൽ എ.എൻ.മൂർത്തി റാവു ഇങ്ങനെ പറയുന്നു. ''മഹത്തായ ഒരു കഥയാണിത്; കാറ്റിന്റെയും മഴയുടെയും ഉഗ്രപതനമുള്ള അറേബ്യൻ സമുദ്രത്തിന്റെയും പശ്ചിമഘട്ടത്തിന്റെയും ഇടയിൽ കഴിഞ്ഞുകൂടിയ മൂന്നു തലമുറകളിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും കഥ; കടൽക്കരയിലെ മണൽപ്പരപ്പ്, അഴിമുഖം, ഏറ്റവും ഇറക്കവും, കൊടുക്കാൻ മടിയുള്ള പ്രകൃതിയിൽനിന്നും ദിനവൃത്തിക്കുള്ളതു പിടിച്ചുപറ്റാൻ കഠിനാധ്വാനം ചെയ്യുന്ന മനുഷ്യൻ - വീ ും വീ ും നമ്മുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെടുകയും അങ്ങനെ പ്രകൃതി തന്നെ ചൈതന്യം തുടിക്കുന്ന ഒരു വ്യക്തിയായി രൂപംകൊള്ളുകയും ചെയ്യുന്നു'' (മറളി മണ്ണിഗൈ). നീ നിരീക്ഷണം ഈ നോവലിന്റെ ആന്തരികസത്തയെ വെളിപ്പെടുത്തുന്നു.

**ഗണദേവത (ബംഗാളി - 1943)**

താരാശങ്കർ ബാനർജി രചിച്ച ഗണദേവത പടിഞ്ഞാറൻ ബംഗാളിലെ ബിർഭും ജില്ലയിലെ ജനജീവിതത്തിന്റെ ദർപ്പണമാണെന്നു പറയാം. മറഞ്ഞുപോയ ഭൂതകാലത്തിൽ നിന്ന് കാംക്ഷിക്കുന്ന മഹത്വം അയവിറ

ക്കുന്നവരാണ് താരാശങ്കർ ബാനർജിയുടെ നായകന്മാർ. അദ്ദേഹത്തിന്റെ കാലത്തിനുമുമ്പ് ബംഗാളിനോവ ലുകളിൽ ഒരിക്കലും കടന്നുവന്നിട്ടില്ലാത്ത ആദിവാസി വർഗ്ഗങ്ങളുടെ കഥയും താരാശങ്കർ ചിത്രീകരിക്കുന്നു. ഗണദേവത എന്ന നോവലിൽ മയൂരാക്ഷി നദിക്കരയിലെ ശിവകാളിപുരം എന്ന ഗ്രാമവും അവിടുത്തെ ജന ജീവിതത്തിന്റെ ഉയർച്ചതാഴ്ചകളും 20-ാം നൂറ്റാ ിന്റെ പ്രാരംഭകാലങ്ങളിൽ ബംഗാളിലു ായ സാമൂഹ്യച ലനങ്ങളും പ്രാദേശികമായ പ്രത്യേകതകളും വിശദീകരിക്കുന്നു. കാർഷികപ്രധാനമായ ഗ്രാമീണസംസ്കൃതി യിൽ പുതുയുഗത്തിന്റെ യന്ത്രവത്കൃതസംസ്കാരത്തിന്റെ കടന്നുകയറ്റം സൃഷ്ടിക്കുന്ന ആഘാതപ്രത്യാഘാ തങ്ങളുടെ ആഖ്യാനത്തോടെയാണ് നോവൽ ആരംഭിക്കുന്നത്.

ബംഗാളിലെ മറ്റേതൊരു ഗ്രാമവുമെന്നപോലെ ശിവകാളിപുരവും കാർഷികജീവിതത്തിനു പ്രാധാന്യം നൽകുന്നു. ഗ്രാമത്തിന്റെ സുഖദുഃഖങ്ങളും ഉത്സവാഘോഷങ്ങളും ആചാരവിശ്വാസങ്ങളും എന്ന ല്ല, ജീവിതത്തിന്റെ ഓരോ സ്പന്ദനവും കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കൊല്ലൻ, ആശാരി, ക്ഷുരകൻ, ചെരിപ്പുകുത്തി, അലക്കുകാരൻ, വയറ്റാട്ടി എന്നിങ്ങനെ എല്ലാ തൊഴിലെടുപ്പുകാർക്കും നെല്ലളന്നാണ് കൂലി കൊടുക്കുന്നത്. എന്നാൽ ജീവിതച്ചെലവ് വർദ്ധിച്ചപ്പോൾ ഗ്രാമത്തിലെ പരമ്പരാഗത തൊഴിലാളികളിൽ അസംതൃപ്തിയു ായി. പരമ്പരാഗത നിയമങ്ങൾ വെല്ലുവിളിക്കപ്പെടാൻ തുടങ്ങി. കൊല്ലൻ അനിരുദ്ധകു മാർ, ആശാരി ഗിരീഷ് തുടങ്ങിയവർ പരമ്പരാഗത തൊഴിൽ അവസാനിപ്പിച്ച് വർക്ക്ഷോപ്പ് ആരംഭിച്ചു. ഗ്രാമത്തിന്റെ രൂപവും ഘടനയും മാറിമറിഞ്ഞു. ജന്മിത്തത്തിന്റെ അഹങ്കാരങ്ങൾ പുലർത്തുന്ന ശ്രീഹരിയു ടെയും മറ്റും പ്രവർത്തനങ്ങൾ ജനജീവിതത്തെ പിന്നോട്ടടിക്കുമ്പോൾ പ്രതിഷേധം ശക്തമാകുന്നു. ജാതി കൾക്കതീതമായ കൂട്ടായ്മ ഉ ാകേ തിന്റെ അനിവാര്യത നോവൽ ബോധ്യപ്പെടുത്തുന്നു.

ദേവു, ദുർഗ, യതീൻബാബു, അനിരുദ്ധൻ, ജാതിഭ്രഷ്ടിനെതിരെ കലഹം നടത്തുന്ന വിശ്വനാഥൻ പത്മ എന്നിങ്ങനെ വ്യക്തിത്വമുള്ള നിരവധി കഥാപാത്രങ്ങളെ താരാശങ്കർ അവതരിപ്പിക്കുന്നു. ശിവകാളി പുരം എന്ന ഗ്രാമത്തിന്റെ പരിമിതിയിൽ നിന്നുകൊ ് ഭാരതം എന്ന വിശാലതയിലേക്ക് വികസിക്കുന്ന നോവലാണിത്. സ്വാതന്ത്ര്യപൂർവ്വ ഭാരതത്തിന്റെ ഉയിർത്തെഴുന്നേൽപ്പാണ് ഗണദേവത അവതരിപ്പിക്കുന്ന ത്. ഭാരതം ജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി പ്രസ്താവിച്ചു. മയൂരാക്ഷി നദിക്കരയിലെ ശിവ കാളിപുരം ഗ്രാമത്തിന്റെ ഉയർച്ചതാഴ്ചകളുടെയും സുഖദുഃഖങ്ങളുടെയും സൂക്ഷ്മവും വിപുലവുമായ കാഴ്ചകളിലൂടെ ഭാരതത്തിന്റെ തന്നെ ജീവിതമാണ് നോവലിസ്റ്റ് ചിത്രീകരിക്കുന്നത്. വളരെ വിശാലമായ ഒരു ക്യാൻവാസാണ് അതിന് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്.

**മൈലാ ആഞ്ചൽ (ഹിന്ദി - 1954)**

ഹിന്ദിയിലെ പ്രാദേശിക നോവൽ രചനയിലെ ശ്രദ്ധേയ വ്യക്തിത്വമാണ് ഫണീശ്വർനാഥരേണു. ദേശ കഥാപരമായ നോവലുകൾക്ക് ഹിന്ദിയിൽ ആഞ്ചലിക് നോവൽ എന്നു പേരുവരാൻ കാരണം രേണുവിന്റെ രചനകളാണ്. അതിൽ പ്രഥമ ഗണനീയമാണ് 'മൈലാ ആഞ്ചൽ'. ബീഹാറിലെ പൂർണ്ണിയാ ജില്ലയിലെ മേരി ഗഞ്ജ് എന്ന ഗ്രാമത്തിന്റെ കഥയാണ് 'മൈലാ ആഞ്ചൽ' എന്ന കൃതിയിൽ ആവിഷ്കരിക്കുന്നത്. ആ പ്രദേ ശത്തെ ജീവിതത്തിന്റെ വിശദചിത്രീകരണം നടത്തുന്നതോടൊപ്പം ബാഹ്യലോകം ഈ ഗ്രാമവിശുദ്ധിയിൽ വരുത്തുന്ന മുറിപ്പാടുകളും ഈ നോവലിൽ വിഷയമാകുന്നു.

ആധുനികജീവിതത്തിന്റെ അവസ്ഥകളിലേക്ക് ഗ്രാമവാസികളെ അടുപ്പിക്കുന്നത് മലേറിയ സെന്ററിൽ ഗവേഷണത്തിനായി വരുന്ന ഡോ.പ്രശാന്ത്കുമാറാണ്. ബ്രിട്ടീഷുകാരുടെ ഭരണകാലത്തിന്റെ ഓർമ്മകളാണ് 'മേരിഗഞ്ജ്' എന്ന പ്രദേശം പങ്കുവയ്ക്കുന്നത്. മലേറിയാ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ദേശസേവ കനും കോൺഗ്രസ്സ് നേതാവുമായ ബലദേവൻ ആത്മാർത്ഥമായി മുന്നിട്ടിറങ്ങുന്നു. അതിന് സമാന്തരമായ അധികാരശക്തികൾ മേരിഗഞ്ജിൽ പിടിമുറുക്കുന്നതും വിപൽക്കരമായ സാഹചര്യങ്ങൾ സംജാതമാകു ന്നതും നോവലിസ്റ്റ് വിശദീകരിക്കുന്നു.

അനേകം കഥാപാത്രങ്ങളും അനവധി സംഭവങ്ങളും അണിനിരക്കുന്ന വിശാലമായ ഭൂമികയാണ് 'മൈലാ ആഞ്ചലി'ന്റേത്. സ്വാതന്ത്ര്യലബ്ധി, ഇന്ത്യാവിഭജനം, ഗാന്ധിവധം ഇങ്ങനെ ദേശീയവും അന്തർദ്ദേശീവുമായ ചരിത്രസംഭവങ്ങളും അനുഭവങ്ങളും മേരിഗഞ്ജിൽ അനുരണനം ഉളവാക്കുന്നതിന്റെ ചിത്രം നോവലിൽ കാണാം. ബാലദേവൻ, പ്രശാന്തൻ, കമല, കാളിചരൺ, മംഗുദാസൻ, ഫൂലിയാ, മംഗള, ലക്ഷ്മി, മമത, ബാവൻ, ദാസൻ ഇങ്ങനെ അനേകം കഥാപാത്രങ്ങൾ തികച്ചും സ്വതന്ത്രമായി കടന്നുവരികയും ഇടപെടുകയും ചെയ്യുന്ന ബഹുശാബ്ദികമായ ഘടനയാണ് 'മൈലാ ആഞ്ചലി'ന്റേത്.

നാഗരികന്റെ കണ്ണുകൊ ല്ല രേണു ഗ്രാമത്തെ കാണുന്നതും അടയാളപ്പെടുത്തുന്നതും. തികച്ചും ഗ്രാമീണനായി നിന്നുകൊ ാണ് അതു നിർവ്വഹിക്കുന്നത്. നമ്മുടെ ഗ്രാമങ്ങളിലും ഗ്രാമീണ ജീവിതത്തിലും ഫണീശ്വർനാഥരേണു ഊന്നൽ നൽകുന്നു. ഗാന്ധിജിയെയും നെഹ്രുവിനെയും, ടാഗോറിനെയും മറ്റു ദേശീയ വ്യക്തിത്വങ്ങളെയും നൂതനമായ ഒരു മാർഗ്ഗത്തിന്റെ പ്രതിനിധിയായി അദ്ദേഹം കാണുന്നു. സ്വാതന്ത്ര്യത്തിന്റെ ലോകത്തിലേക്ക് മാനവരാശി കടന്നുവന്നിട്ടു പ്രശ്നങ്ങൾ അവശേഷിക്കുന്നതിനെയും രേണു ചർച്ചയ്ക്ക് വിഷയമാക്കുന്നു . സാധാരണക്കാരുടെ ജീവിതം സംഘർഷഭരിതമാകുന്നതിന്റെ തീവ്രമുഖം രേണു കാട്ടിത്തരുന്നു. ഈ നോവലിലെ പ്രധാന കഥാപാത്രങ്ങളെല്ലാം സ്വാതന്ത്ര്യത്തിനുവേ ി ദാഹിക്കുന്നവരാണ്. ഗ്രാമജീവിതത്തിന്റെ സൂക്ഷ്മചിത്രങ്ങൾ മേരിഗഞ്ജ് എന്ന പ്രദേശത്തിന്റെ ചിത്രീകരണത്തിലൂടെ ഹൃദയസ്പർശിയായി ഫണീശ്വർനാഥ് രേണു വരച്ചിടുന്നു.

**കയർ (മലയാളം - 1978)**

സാധാരണ മനുഷ്യനും മണ്ണും തമ്മിലുള്ള ഗാഢബന്ധത്തെ ചിത്രീകരിക്കുന്ന നോവലാണ് തകഴി ശിവശങ്കരപ്പിള്ള രചിച്ച 'കയർ'. കേരളത്തിലെ ആലപ്പുഴ ജില്ലയിലെ കുട്ടനാടാണ് ഈ നോവലിന്റെ ഭൂമിക. 'കുട്ടനാടിന്റെ ഇതിഹാസം' എന്ന് അയ്യപ്പപ്പണിക്കർ വിശേഷിപ്പിച്ച ഈ കൃതി മലയാളസാഹിത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദേശേതിഹാസമാണ്. ഒന്നരനൂറ്റാ ുകാലത്തെ കുട്ടനാടിന്റെ ചരിത്രവുമായി ഈ നോവൽ ബന്ധപ്പെടുന്നു. ഇഴചേർന്നു കിടക്കുന്നതും സങ്കീർണ്ണവുമായ മനുഷ്യബന്ധങ്ങളുടെ ആഖ്യാനമാണ് കയർ. കുട്ടനാടിന്റെ നിഷ്കളങ്കതയും കാർഷിക സംസ്കാരവുമെല്ലാം ഈ കൃതിയിൽ ആവിഷ്കൃതമാകുന്നു. സ്വാതന്ത്ര്യസമരത്തിന്റെ അടിയൊഴുക്കുള്ള ഒരു വിപ്ലവകാലത്തെയും സ്വാതന്ത്ര്യാനന്തരം സംഭവിച്ച നൈരാശ്യങ്ങളെയും അരക്ഷിതമായ സംസ്കാരത്തെയും സൂക്ഷ്മമായി അവതരിപ്പിക്കാൻ തകഴിക്ക് കഴിയുന്നു.

എരുമത്രമഠത്തിൽ ക്ലാസിഷേർ താമസമാക്കാൻ പോകുന്ന എന്ന വാർത്തയോടെയാണ് നോവൽ ആരംഭിക്കുന്നത്. തുടർന്ന് കുട്ടനാടിന്റെ വിശാലവും വ്യതിരിക്തവുമായ സംസ്കൃതിയുടെയും ജീവിതത്തിന്റെയും അനുഭവങ്ങളിലേക്ക് നോവൽ സഞ്ചരിക്കുന്നു. നൂറുകണക്കിന് കഥാപാത്രങ്ങൾ നിരവധി തലമുറകളിലൂടെ പ്രത്യക്ഷപ്പെടുന്നു. കാലഘട്ടങ്ങളെ കോർത്തിണക്കുന്ന തലമുറയുടെ ചരട് കയറിനെ തലമുറകളുടെ കഥയാക്കി മാറ്റുന്നു. ഈ കൃതി അടിസ്ഥാനപരമായി മനുഷ്യന്റെ മണ്ണിനോടുള്ള ദാഹത്തിന്റെ കഥയാണ്. ഭൂമിയോടുള്ള ആർത്തിയും മമതയും ഇതിൽ നിറഞ്ഞുനിൽക്കുന്നു. കഥകളും ഉപകഥകളും അരങ്ങേറുന്ന കുട്ടനാടാണ് 'കയറി'ലൂടെ വായനക്കാർ അടുത്തറിയുന്നത്. കുട്ടനാട്ടിലെ കുടുംബങ്ങളെ കേന്ദ്രീകരിച്ച് സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക രംഗങ്ങളിൽ വന്നുഭവിച്ച മാറ്റങ്ങളും അതുളവാക്കിയ ചലനങ്ങളും ഈ കൃതിയിൽ അനാവൃതമാകുന്നു.

'കയർ' ദേശകഥാപ്രധാനമായ നോവലാണ്. ഈ കൃതിയിലെ കഥാകഥന സമ്പ്രദായം കേരളീയമാണ്. ചരിത്രാവിഷ്കരണത്തിൽ മാത്രമല്ല കഥാപാത്രസൃഷ്ടിയിൽത്തന്നെ തകഴി ദേശബദ്ധത പ്രകടിപ്പിക്കുന്നു . ദേശഭാഷയിലാണ് രചന. ദേശത്തുള്ള സാമൂഹിക വൈവിധ്യങ്ങൾ, ഭാഷയിൽ വരുത്തുന്ന ഭേദങ്ങൾ എന്നിവ ഉചിതസന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തിക്കൊ ് കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിന് അദ്ദേഹം മിഴിവ് നൽകുന്നു. മനുഷ്യസ്നേഹമാണ് വലുത് എന്ന ദർശനം തലമുറകളുടെയും ഒരു ഭൂവിഭാഗത്തിന്റെ സൂക്ഷ്മമായ വിവരണത്തിലൂടെയും അദ്ദേഹം വിളംബരം ചെയ്യുന്നു.

**ഉപസംഹാരം**

ചരിത്രവും സംസ്കാരവും പരസ്പര പൂരിതവും പരസ്പര ബന്ധിതവുമാണ്. ഭാരതീയ ചരിത്രത്തിലെ ചലനാത്മകമായ ഒരു കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന കൃതികളാണ് ഇവിടെ പഠനവിധേയമായത്. ഓരോ നോവലും ഓരോ പ്രദേശത്തെ ഉൾക്കൊള്ളുന്നതും ദേശപരമായ അതിന്റെ സവിശേഷതകളെ പ്രാധാന്യത്തോടെ ആലേഖനം ചെയ്യുന്നതുമാണ്. ഭാരതത്തിന്റെ നവോത്ഥാനവും ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയും സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ പുനർനിർമ്മാണവും നാടുവാഴിത്തത്തിന്റെ വിടവാങ്ങലും തുടങ്ങി രാഷ്ട്രീയ സാമൂഹിക ഘടകങ്ങളുടെ രൂപരേഖ ഓരോ നോവലും കാഴ്ചവയ്ക്കുന്നു. ചരിത്രസംഭവങ്ങളുടെയും സാമൂഹികമാറ്റങ്ങളുടെയും ദേശപരമായ ആഖ്യാനങ്ങളാണ് ഓരോ കൃതിയുമെന്ന് പറയാനാവും. ഈ കൃതികൾ ദേശകഥാ പ്രതിപാദകങ്ങളും 20-ാം ശതകത്തിലെ ഭാരതസമൂഹത്തിന്റെ പ്രതിബിംബങ്ങളുമാണ്. മാത്രമല്ല, വ്യത്യസ്ത ഭാഷകളിൽ വിനിമയം ചെയ്യപ്പെടുമ്പോഴും ഭാരതീയന്റെ മനസ്സ് വിവിധ ദേശങ്ങളിൽ ഒരേ വഴിയിലൂടെ ചരിക്കുന്നു എന്ന കാഴ്ചപ്പാടും ഈ കൃതികൾ പ്രഖ്യാപിക്കുന്നു.

**ഗ്രന്ഥസൂചി**


1. ജോർജ്ജ് കെ.എൻ (എഡി), ഭാരതീയ സാഹിത്യചരിത്രം, ഭാഗം 1, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
2. താരാശങ്കർ ബാനർജി, ഗണദേവത, ഡി.സി.ബുക്സ്, കോട്ടയം, 2002
3. ഫണീശ്വർനാഥ്രേണു, മൈലാ ആഞ്ചൽ, സാഹിത്യ അക്കാദമി, തൃശ്ശൂർ, 1983
4. ശിവരാമകാരന്ത്, മണ്ണിലേക്കു മടങ്ങി, സാഹിത്യ അക്കാദമി, ന്യൂഡൽഹി, 1999
5. ശിവശങ്കരപ്പിള്ള തകഴി, കയർ, ഡി.സി.ബുക്സ്, കോട്ടയം, 2003